**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **22-01-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ; | (എ) | 31/12/2020 ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം 671കോടി രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വെള്ളക്കരം, പലിശ, പിഴപ്പലിശ എന്നീ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക. |
| (ബി) | അത് ഈടാക്കുവാൻ വാട്ടർ അതോറിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | (ബി) | വാട്ടർ അതോറിറ്റിയിൽ നിന്നും കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകൾ നൽകി വരുന്നു. കുടിശ്ശിക തുക സംബന്ധിച്ച് തർക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തർക്കങ്ങൾ പരിഹരിച്ചു വരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2017വരെ കണക്കാക്കിയ കുടിശ്ശിക തുകയായ 281കോടി രൂപയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 155കോടി രൂപ കുറവ് ചെയ്ത് K.S.E.Bയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാക്കുകയും ആ തുക വാട്ടർ അതോറിറ്റി K.S.E.B യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ